**File No.SJD/4162/2020-E1**

15 YEARS OF CELEBRATING THE MAHATMA

Break the chain

<u>സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: ഷീബ ജോർജ്ജ്.ഐ.എ.എസ്)

ഉത്തരവ് നം. SJD/4162/2020-E1

തിരുവനന്തപുരം,
തീയതി. 25/02/2021

വിഷയം: സാമൂഹ്യനീതി വകുപ്പ്-ജീവനക്കാര്യം-സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർക്ക് റേഷ്യോ ഹയർഗ്രേഡ് ആനുകൂല്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1.ജി.ഒ.പി നം.07/2016/ഫിൻ തീയതി.20/01/2016
2.ഈ കാര്യാലയത്തിൽ നിന്നുമുള്ള 5/9/2019 ലെ E9/8900/19 നം നടപടിക്രമങ്ങൾ
3.ഈ കാര്യാലയത്തിൽ നിന്നുമുള്ള 27/4/2020 ലെ SJD/788/2020-E9 നം നടപടിക്രമങ്ങൾ
4.ജി.ഒ.(ആർ.ടി) നം.152/2021/എസ്.ജെ.ഡി തീയതി.14/02/2021

സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് രൂപികരിച്ചും വനിത ശിശു വികസന വകുപ്പിൽ 24 തസ്തികകൾ സൃഷ്ടിച്ചും 30/6/2017 ലെ സ.ഉ.(സാധാ) നം. 24/2017/ സാനീവ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അവിഭക്തവകുപ്പിൽ ആകെയുണ്ടായിരുന്ന 3795 തസ്തികകളിൽ 3260 തസ്തികകൾ വനിത ശിശു വികസന വകുപ്പിനും 535 തസ്തികകൾ സാമൂഹ്യനീതി വകുപ്പിനുമാണ് 07/10/2018 ലെ സ.ഉ.(കൈ) നം. 23/2018/ സാ.നീ.വ പ്രകാരം സർക്കാർ വിഭജിച്ചു നൽകിയത്. സാമൂഹ്യനീതി വകുപ്പിലെ കേഡർ സ്ട്രെങ്ത് നിശ്ചയിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പ് വിഭജനത്തിനു ശേഷം സാമൂഹ്യനീതി വകുപ്പിലെ സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരുടെ ആകെ എണ്ണം 18 ആയി നിജപ്പെടുത്തിയിട്ടുണ്ട്.

പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ അനക്സർ 16 ൽ സീനിയർ സൂപ്രണ്ട് തസ്തികയുടെ 25% ജീവനക്കാർക്ക് (40500-85000) രൂപ ശമ്പള സ്കെയിലിൽ റേഷ്യോ പ്രൊമോഷനിലൂടെ ഹയർഗ്രേഡ് അനുവദിയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . സാമൂഹ്യനീതി വകുപ്പിൽ വകുപ്പ് വിഭജനത്തെ തുടർന്ന് ആകെ 18 സീനിയർ സൂപ്രണ്ട് തസ്തികകളാണ് നിലവിലുള്ളത്. ഈ തസ്തികകളുടെ 25% മായ 4 പേർക്ക് ഹയർഗ്രേഡിന് അർഹതയുണ്ട്.

വകുപ്പ് വിഭജന നടപടികളുടെ ഭാഗമായി ഓപ്ഷൻ സ്വീകരിച്ച് സീനിയർ സൂപ്രണ്ട് തസ്തികയിൽ ജീവനക്കാരെ പുനർവിന്യസിച്ചതിനെ തുടർന്ന് സീനിയർ സൂപ്രണ്ട് ഹയർഗ്രേഡ് തസ്തികയിൽ 7 പേർ സാമൂഹ്യനീതി വകുപ്പ് തിരഞ്ഞെടുക്കുകയുണ്ടായി. ഈ 7 ജീവനക്കാരിൽ ശ്രീ.അജീഷ് കുമാർ.സി.എസ് 30/4/2020 നും, ശ്രീ.രാജീവ് കുമാർ.എസ് 31/5/2020 നും സേവനത്തിൽ നിന്നും വിരമിയ്ക്കുകയുണ്ടായി. ശ്രീ.സാദിഖ്.എസ് 27/08/2020 ൽ സേവനത്തിൽ നിന്നും സ്വമേധയാ വിരമിച്ചിട്ടുള്ളതുമാണ്. പരാമർശം (4) പ്രകാരം സീനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വന്നിരുന്ന 4 ജീവനക്കാർക്ക് ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ചതിനെ തുടർന്ന് സീനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിൽ 4 ഒഴിവ് നിലവിൽ വരുകയുണ്ടായി. ഈ 4 ഒഴിവിലേയ്ക്ക് പരാമർശം (3) സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം .8,9,10,11 എന്നീ ജീവനക്കാർക്ക് റേഷ്യോ ഹയർഗ്രേഡ് ലഭിക്കുന്നതിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ ചുവടെ പറയുന്ന ജീവനക്കാർക്ക് അവരവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള തീയതി പ്രാബല്യത്തിൽ 40500-85000 രൂപ ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ കെ.എസ്.ആർ ചട്ടം 28 എ യ്ക്ക് വിധേയമായി റീ-ഫിക്സേഷൻ ആനുകൂല്യത്തോടെ ഹയർഗ്രേഡ് ആനുകൂല്യം അനുവദിച്ച് ഉത്തരവാകുന്നു.

**File No.SJD/4162/2020-E1**

| ക്രമ നം | പേര് തസ്തിക നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സീനിയോറിറ്റി നം | റേഷ്യോ പ്രൊമോഷൻ അനുവദിയ്ക്കുന്ന തസ്തികയും ശമ്പള സ്കെയിലും | റേഷ്യോ പ്രൊമോഷൻ അനുവദിയ്ക്കുന്ന തീയതി |
|---|---|---|---|---|
| 1 | പി.പി.നാരായണൻ സീനിയർ സൂപ്രണ്ട് ജില്ല സാമൂഹ്യനീതി ഓഫീസ് കണ്ണൂർ | 9 | സീനിയർസൂപ്രണ്ട്(HG) (Rs.40500-85000) | 14/2/2021 |
| 2 | ജോസഫ് റിബല്ലോ സീനിയർ സൂപ്രണ്ട് ജില്ല സാമൂഹ്യനീതി ഓഫീസ് കോഴിക്കോട് | 10 | സീനിയർസൂപ്രണ്ട്(HG) (Rs.40500-85000) | 14/2/2021 |
| 3 | കെ.ആർ.പ്രദീപൻ സീനിയർ സൂപ്രണ്ട് ജില്ല സാമൂഹ്യനീതി ഓഫീസ് തൃശ്ശൂർ | 11 | സീനിയർസൂപ്രണ്ട്(HG) (Rs.40500-85000) | 14/2/2021 |
| 4 | പി.പ്രദീപ് സീനിയർ സൂപ്രണ്ട് സാമൂഹ്യ നീതി ഡയറക്ടറേറ്റ് | 12 | സീനിയർസൂപ്രണ്ട്(HG) (Rs.40500-85000) | 14/2/2021 |

പരാമർശം (1) ലെ വ്യവസ്ഥകൾക്ക് വിധേയമായി ഹയർഗ്രേഡ് ആനുകൂല്യം അനുവദിയ്ക്കപ്പെട്ട തീയതി പ്രാബല്യത്തിൽ ജീവനക്കാരുടെ ശമ്പള നിർണ്ണയം നടത്തുന്നതിനും ശമ്പളകുടിശ്ശിക അനുവദിയ്ക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ് :</u>

1. അക്കൌണ്ടന്റ് ജനറൽ (എ&ഇ) കേരള തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
3. ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
4. വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്
5. സ്റ്റോക്ക് ഫയൽ & സ്പെയർ

ഉത്തരവിൻ പ്രകാരം,
സൂപ്രണ്ട്